ഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ കൊച്ചി നഗരവാസികൾക്കുള്ള ഉത്കണ്ഠ അറിയിച്ചുകൊണ്ട് തീരുമാനം ഉടനടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, കൊച്ചി നഗരത്തിൽ മെട്രോ റയിൽവേ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യതാപഠനം റൈറ്റ്സിനെ ഏൽപ്പിക്കാൻ തത്വത്തിൽ തീരുമാനമായിട്ടുണ്ടെങ്കിലും എന്ത് തുകയ്ക്ക് മേൽപ്പറഞ്ഞ പഠനം നടത്തുമെന്നതിനെ സംബന്ധിച്ച് തീരുമാനമായിട്ടില്ല. സാധാരണഗതിയിൽ ഇമ്മാതിരി പഠനങ്ങൾ നടത്തുന്നതിന് മൊത്തം ചെലവാകുന്ന തുകയുടെ 40% കേന്ദ്ര സർക്കാർ സഹായധനമായി നൽകാറുണ്ട്. അപ്രകാരമുള്ള ധനസഹായം ലഭിക്കണമെങ്കിൽ നിർദ്ദിഷ്ടമായ ചില നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്, കോമ്പറ്റിറ്റീവ് ടെണ്ടറിൽക്കൂടി മാത്രമേ പഠനം നടത്താനുള്ള ഏജൻസിയെ കണ്ടെത്താൻ കഴിയുകയുള്ളൂ. റൈറ്റ്സ് ഒരു പൊതുമേഖലാ സംരംഭം ആയതുകൊണ്ട് നടപടിക്രമങ്ങൾ നോക്കാതെ, കൊച്ചി നഗരത്തെ സംബന്ധിച്ച സാദ്ധ്യതാ പഠനം റൈറ്റ്സിനെ ഏൽപ്പിക്കാൻ തത്വത്തിൽ സർക്കാർ തീരുമാനിച്ചുവെങ്കിലും എന്ത് തുകയ്ക്ക് ഈ ജോലി ഏല്പിക്കണമെന്നുള്ള കാര്യത്തിൽ ഇപ്പോഴും തീരുമാനം ആയിട്ടില്ല. തുക നിശ്ചയിക്കപ്പെട്ടാൽ തന്നെയും ആ തുക ന്യായമാണെന്ന് കേന്ദ്ര സർക്കാരിന് ബോദ്ധ്യപ്പെടുത്തുകയും വേണം. എങ്കിൽ മാത്രമേ ഇക്കാര്യത്തിൽ കേന്ദ്ര സഹായം ലഭ്യമാകുകയുള്ളൂ. സംസ്ഥാന ചീഫ് സെക്രട്ടറി 29.10.1999-ൽ കേന്ദ്ര സർക്കാരിന് വളരെ വിശദമായ ഒരു കത്ത് അയയ്ക്കുകയുണ്ടായി. അതിന് മറുപടിയായി 6.12.1999-ൽ കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ച കത്തിൽ ഇത്തരം പഠനങ്ങൾക്ക് കോംപിറ്റിറ്റീവ് ബിഡ് മുഖേന ഏജൻസിയെ കണ്ടെത്തുകയാണ് ശരിയായ നടപടിക്രമമെന്നും റൈറ്റ്സിനെ പഠനം ഏല്പിക്കാൻ 1998-ൽതന്നെ തീരുമാനിച്ച സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന് ഇക്കാര്യത്തിൽ എതിരഭിപ്രായമില്ലെന്നും എന്നാൽ അവർക്ക് എന്ത് തുകയ്ക്കാണ് പഠനം ഏല്പിക്കുക എന്ന് നിശ്ചയിക്കുന്നതോടൊപ്പം അതിന്റെ ന്യായാന്യായങ്ങൾ ..... തിരുവനന്തപുരം നഗരത്തിന്റെ പഠനം ഏൽപ്പിച്ചത് 38 ലക്ഷം രൂപയാണ് എന്നതും ഭോപ്പാൽ അർബൻ ഏരിയായുടെ പഠനം 42 ലക്ഷം രൂപയാണ് നൽകിയത് എന്നുമുള്ളതും വസ്തുതയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് കേന്ദ്ര സർക്കാരിനെ അറിയിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## (17) മാനന്തവാടി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയുടെ ശോച്യാവസ്ഥ

ശ്രീമതി രാധാ രാഘവൻ : സർ, പിന്നോക്ക ജില്ലയായ വയനാടിനെ അവഗണിക്കുന്നു എന്നുള്ളതിന് തെളിവാണ് മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോ. ബസ് ഉള്ളപ്പോൾ ഡ്രൈവറില്ല, ഡ്രൈവറുള്ളപ്പോൾ കണ്ടക്ടറില്ല എന്നുള്ളതാണ് ഡിപ്പോയുടെ സ്ഥിതി. മുപ്പതിലേറെ ജീവനക്കാർ ഇവിടെയുണ്ട്. ഇതിൽ 20 പേർ മാത്രമേ വയനാട് ജില്ലയിൽ നിന്നുള്ളൂ. അന്യസ്ഥലങ്ങളിൽനിന്ന് ഇവിടെവന്ന് ജോലി ചെയ്യുന്നവർക്ക് പ്രാഥമിക സൗകര്യംപോലുമില്ല. സ്ഥലപരിമിതി മൂലം ഇത്രയേറെ ബുദ്ധിമുട്ടുന്ന ഒരു ഡിപ്പോ കേരളത്തിൽ വേറെയില്ല എന്നുള്ളതാണ് വസ്തുത. അഞ്ചോളം ബസ്സുകൾ മാത്രമേ ഡിപ്പോയ്ക്കുള്ളിൽ കയറ്റിയിടാൻ പറ്റുകയുള്ളൂ. മറ്റുള്ള ബസ്സുകൾ മഴയായാലും വേനലായാലും പുറത്ത് ഇടേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. 46

LIBRARY ARCHIVES Kerala Legislative Assembly

ഷെഡ്യൂളുകൾ നിലവിലുണ്ടെങ്കിലും പത്തെണ്ണംപോലും നിത്യേന ഓടാറില്ല. 11 വർഷം മുമ്പ് ഡിപ്പോ ആരംഭിച്ചപ്പോൾ ഗ്യാരേജിനടുത്ത് സ്വകാര്യ കെട്ടിടത്തിൽ ആരംഭിച്ച ആഫീസ് പ്രവർത്തനം ഇപ്പോഴും അവിടെത്തന്നെ തുടരുകയാണ്. ഗ്യാരേജിലുള്ള സൗകര്യങ്ങൾ ഇതിനേക്കാൾ കഷ്ടമാണ്. ഗ്യാരേജിലെ ആസ്ബെറ്റോസ് ഷീറ്റുകൾ പൊട്ടിയിട്ട് വർഷങ്ങളായി. അത് മാറ്റിയിടാൻ ഇതുവരെയും നടപടികൾ എടുത്തിട്ടില്ല. മാനന്തവാടി സബ്ഡിപ്പോയുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരം ഉണ്ടാകണമെന്ന് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, മാനന്തവാടി സബ് ഡിപ്പോയിൽ നിന്നും 43 സർവ്വീസുകളാണ് നടത്താൻ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. എക്സ്പ്രസ്-1, സൂപ്പർ ഫാസ്റ്റ്-1, ഫാസ്റ്റ് പാസഞ്ചർ-14, ഓർഡിനറി സർവ്വീസുകൾ-27. ഇത്രയും സർവ്വീസുകൾ മുടക്കം കൂടാതെ നടത്തുന്നതിന് അംഗീകരിക്കപ്പെട്ട മാനദണ്ഡമനുസരിച്ച് 48 ബസുകൾ ആവശ്യമാണ്. 44 ബസുകൾ നൽകാൻ മാത്രമേ കഴിഞ്ഞിട്ടുള്ളൂ. ഇവയിൽ തന്നെ ചില ബസുകൾ സ്പെയർ പാർട്ട്സിന്റെ അഭാവത്തിൽ വർക്ക്ഷോപ്പുകളിൽ നിരത്തിയിട്ടിരിക്കുകയാണ്. മാത്രവുമല്ല ആകെ നടത്തുവാനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഷെഡ്യൂളുകൾ കൃത്യമായി നടത്തുന്നതിന് ആവശ്യമുള്ളതിനാൽ 17 ഡ്രൈവർമാരുടേയും 24 കണ്ടക്ടർമാരുടേയും കുറവ് ഇപ്പോൾ ഉണ്ട്. ഇക്കാരണങ്ങളാൽ ഇവിടത്തെ ക്യാൻസലേഷൻ നിരക്ക് കിലോമീറ്റർ അടിസ്ഥാനത്തിൽ 28 ശതമാനമാണ്. ജീവനക്കാരുടെ കുറവും സ്ഥലം മാറ്റത്തിലൂടെ നികുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. സാമ്പത്തികസ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് കൂടുതൽ പുതിയ ബസുകൾ നിരത്തിലിറക്കുന്നതും അത്യാവശ്യം വേണ്ട സ്പെയർ പാർട്ടുകൾ ലഭ്യമാക്കുന്നതുമാണ്. ഇപ്പോൾ പുതുതായി വിഭാവന ചെയ്തിട്ടുള്ള 'bus- crew marriage' സംവിധാനം ഏർപ്പെടുത്തി ബസുകളുടേയും ജീവനക്കാരുടേയും കുറവ് അടിയന്തിരമായി പരിഗണിക്കേണ്ടതുണ്ട്. ഇതിനുവേണ്ടിയുള്ള ശ്രമത്തിലാണ് കെ.എസ്.ആർ.ടി.സി. ഇതിനുപുറമേ ആഫീസ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ആവശ്യത്തിലേക്ക് ഗാരേജിനോട് ചേർന്നുള്ള കെട്ടിടത്തിന്റെ 1-ാം നിലയുടെ പണി പൂർത്തിയായി. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടറുടെ നിർദ്ദേശാനുസരണം ഗ്യാരേജിന്റേയും മറ്റ് കെട്ടിടങ്ങളുടേയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സാമ്പത്തിക ലഭ്യതയനുസരിച്ച് പണികൾ പൂർത്തിയാക്കി ഗ്യാരേജിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതാണ്.

### (18) കൈത്തറിത്തൊഴിലാളി സമരം

ശ്രീ. കെ.പി. രാജേന്ദ്രൻ : കേരളത്തിലെ കൈത്തറി വ്യവസായം നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഇന്ന് സംസ്ഥാനവ്യാപകമായി എ.ഐ.ടി.യു.സി., സി.ഐ.ടി.യു., യു.ടി.യു.സി., ബി.എം.എസ്. തുടങ്ങിയ സംഘടനകളുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും കേന്ദ്ര സർക്കാർ ഓഫീസുകളുടെ മുന്നിൽ സമരം നടക്കുകയാണ്. നേരത്തെ ബഹുമാനപ്പെട്ട ടി.കെ. ബാലൻ എം.എൽ.എ. ഇവിടെ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. എസ്. ആർ. സത്യൻ കമ്മിറ്റിയുടെ ശുപാർശകൾ തള്ളിക്കളയണമെന്നുള്ളതാണ് ഇന്നത്തെ സമരത്തിലെ മുഖ്യ ആവശ്യം. കേന്ദ്ര സർക്കാർ രൂപീകരിച്ച് ഈ കമ്മിറ്റിയുടെ ശുപാർശകൾ അംഗീകരിച്ചാൽ കേരളത്തിലെ കൈത്തറി വ്യവ

LIBRARY ARCHIVES Kerala Legislative Assembly